# വിശുദ്ധ ഖുര്‍ആന്‍
# കാലാതിവര്‍ത്തിയായ വേദഗ്രന്ഥം

**എം. എം. അക്ബര്‍**

കാലാതിവര്‍ത്തിയായ വേദഗ്രന്ഥമാണ് ഖുര്‍ആന്‍. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുള്ള മാനവരാശിയുടെ വിപ്ലവകരമായ മുന്നേറ്റങ്ങള്‍ക്കുമുമ്പില്‍ അടിപതറാതെ അജയ്യമായി നില നില്‍ക്കുന്ന വേദഗ്രന്ഥം. അതിന്റെ ഭാഷയും സാഹിത്യവും സമര്‍ഥനരീതിയും ആഖ്യാനവും ആശയങ്ങളും ധാര്‍മികതയുമെല്ലാം അദ്വിതീയ വും അപ്രമാദിതവുമാണ്. ഖുര്‍ആനിന് തുല്യമായി ഖുര്‍ആന്‍ മാത്രമെയുള്ളൂ. ദൈവിക ഗ്രന്ഥത്തിന്റെ ഈ അജയ്യത ഗ്ലാനിയൊന്നും വരാതെ എന്നെന്നും നിലനില്‍ക്കും, തീര്‍ച്ച. അതിന്റെ സംരക്ഷണം അല്ലാഹുതന്നെ ഏറ്റെടുത്തതാണല്ലോ. ''തീര്‍ച്ചയായും നാമാണ് ആ ഉത്ബോധനം അവതരിപ്പിച്ചത്. തീര്‍ച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്'' (ഖുര്‍ആന്‍ 15:9)എന്ന് സര്‍വശക്തന്‍ പറയുമ്പോള്‍ അത് കേവലം അക്ഷരങ്ങളുടെ മാത്രം സംരക്ഷണമാണെന്ന് കരുതാന്‍വയ്യ. ഖുര്‍ആനിന്റെ അപ്രമാദിത്വവും അജയ്യതയും അദ്വിതീയതയുമെല്ലാം സര്‍വജ്ഞന്റെ സംരക്ഷണത്തിലാണ്. അവയെ വസ്തുനിഷ്ഠമായി ചോദ്യം ചെയ്യാന്‍ ഒരാള്‍ക്കും ഒരുകാലത്തും കഴിയില്ല; അയാള്‍ എത്രതന്നെ സിദ്ധവൈഭവമുള്ള ബുദ്ധിയുടെ ഉടമസ്ഥനാണെങ്കിലും.

ആധുനികകാലത്തിന്റെ മാനദണ്ഡങ്ങളില്‍ പ്രധാനപ്പെട്ടതായി വ്യവഹരിച്ചുപോരുന്നത് ശാസ്ത്രത്തെയാണ്. മാനവരാശിക്ക് ശാസ്ത്രം നല്‍കിയ സംഭാവനകളില്‍ പ്രധാനപ്പെട്ടതായ സാങ്കേതിക വിദ്യയുടെ സ്വാധീനം ഇന്ന് ഏതൊരാളുടെയും ദൈനംദിന ജീവിതത്തിന്റെ എല്ലാ തുറകളിലും പ്രകടമാണ്. അതുകൊണ്ടുതന്നെ ശാസ്ത്ര ത്തോടുള്ള അഭിനിവേശം എല്ലാ തലങ്ങളിലുമുള്ള ആളുകളില്‍ പൊതുവായി കണ്ടുവരുന്നതാണ്. ശാസ്ത്രീയമായ മാനദണ്ഡങ്ങള്‍ ഉപയോഗിച്ച് എല്ലാറ്റിന്റെയും സത്യത നിര്‍ണയിക്കുവാനുള്ള ത്വരയും സമൂഹത്തിലെങ്ങും വ്യാപകമാണ്. ഖുര്‍ആന്‍- ശാസ്ത്ര പഠനങ്ങള്‍ പ്രസക്തമാകുന്നത് ഈയൊരു ഭൂമികയിലാണ്. പതിനാല് നൂറ്റാണ്ടുകള്‍ക്ക് മുമ്പ് ലോകം ശ്രവിച്ച ഒരു ഗ്രന്ഥത്തില്‍, അറിവിന്റെ ഏത് മാനദണ്ഡങ്ങളുടെ വെളിച്ചത്തില്‍ നോക്കിയാലും, നിരവധി അബദ്ധങ്ങളുണ്ടാവേണ്ടതാണ്. ആധുനികമായ അര്‍ഥത്തിലുള്ള ശാസ്ത്രം മുളപൊട്ടുകപോലും ചെയ്തിട്ടില്ലാതിരുന്ന കാലത്തെ അബദ്ധധാരണകളുടെ സ്വാധീനം പ്രസ്തുത ഗ്രന്ഥങ്ങളിലുണ്ടാകേണ്ടതാണ്. എന്നാല്‍ അത്ഭുതം! ഒന്നര സഹസ്രാബ്ദത്തോളമായി മാനവരാശിയുടെ കര്‍ണപുടങ്ങളില്‍ ആവര്‍ത്തിച്ച് പ്രകമ്പനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഖുര്‍ആന്‍ സൂക്തങ്ങളില്‍ യാതൊരുവിധ അബദ്ധങ്ങളുമില്ല. ഒരൊറ്റ അബദ്ധംപോലും....!! മനുഷ്യനുമായി ബന്ധപ്പെട്ട ഒരുവിധമെല്ലാ പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ചും ഖുര്‍ആന്‍ പ്രതിപാദിക്കുന്നുണ്ട്. എന്നിട്ടും യാതൊരുവിധ അബദ്ധങ്ങളുമില്ലെന്ന് ഖുര്‍ആനിന് മാത്രം അവകാശപ്പെടാന്‍ കഴിയുന്ന സവിശേഷതയാണ്. ഏത് ശാസ്ത്രീയ മാനദണ്ഡമുപയോഗിച്ചാണ് ഖുര്‍ആനിന്റെ അതുല്യമായ ഈ സവിശേഷതയെ വ്യാഖ്യാനിക്കാനാവുക.....?

ഖുര്‍ആനിക പരാമര്‍ശങ്ങളുടെ ശാസ്ത്രീയമായ കൃത്യതയെക്കുറിച്ച പഠനം അതിന്റെ അമാനുഷികതയെക്കുറിച്ച അന്വേഷണത്തിന്റെ ഭാഗമാണ്. സര്‍വശക്തനല്ലാതെ മറ്റാര്‍ക്കും ഖുര്‍ആനിനെപ്പോലെയൊരു ഗ്രന്ഥം അവതരിപ്പിക്കാനാവില്ലെന്ന വസ്തുത വ്യക്തമാക്കുന്നവയാണ് പ്രസ്തുത പഠനങ്ങളെല്ലാം തന്നെ. അത്തരം ഓരോ പഠനങ്ങളും പതിനാല് നൂറ്റാണ്ടുകള്‍ക്ക് മുമ്പ് ഖുര്‍ആന്‍ നടത്തിയ വെല്ലുവിളിയുടെ അര്‍ഥ പൂര്‍ണിമയാണ് വിളിച്ചോതുന്നത്.

''നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുര്‍ആനെ)പറ്റി നിങ്ങള്‍ സംശയാലുക്കളാണെങ്കില്‍ അതിന്‍േറതുപോലുള്ള ഒരധ്യായമെങ്കിലും നിങ്ങള്‍ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങള്‍ക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നി ങ്ങള്‍ സത്യവാന്മാരാണെങ്കില്‍ (അതാണല്ലോ

വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ -നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല- മനുഷ്യനും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ  കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കപ്പെട്ടതാകുന്നു അത്'' (ഖുർആൻ: 2:23,24).

ഇസ്‌ലാമിക പ്രബോധനരംഗത്ത് ഏറെ ഉപയോഗിക്കപ്പെടുന്ന വയാണ് ഖുർആൻ-ശാസ്ത്ര പഠനങ്ങൾ. എന്നാൽ ഈ രംഗത്ത് പ്രബോധകർ ഏറെ ശ്രദ്ധിക്കേണ്ട നിരവധികാര്യങ്ങളുണ്ട്. ശാസ്ത്ര ത്തിനനുസരിച്ച് ഖുർആൻ വാക്യങ്ങളെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നത് ക്ഷന്തവ്യമല്ല. ശാസ്ത്രമെന്ന് കേൾക്കുമ്പോഴേക്ക് അതിന് പിന്നിലോടാനുള്ള പ്രവണതയും അപകടകരമാണ്. ആത്യന്തിക യാഥാർഥ്യങ്ങളെക്കുറിച്ച അറിവിന് ശാസ്ത്രത്തിൻെറ മാർഗങ്ങൾ തീരെ അപര്യാപ്തമാണെന്ന വസ്തുതയും നാം മറന്നുകൂടാ. ശാസ്ത്രത്തിന് അതിൻെറ മേഖലയിൽതന്നെ പരിമിതികളുണ്ടെന്ന വസ്തുത ഇന്ന് ശാസ്ത്രദാർശനികന്മാരെല്ലാം അംഗീകരിച്ചിട്ടുണ്ടെന്ന കാര്യവും നമ്മുടെ മനസ്സിലുണ്ടാവണം. ശാസ്ത്രലോകത്തെ പുരാതനമായ നിഗമനങ്ങൾപോലും ശാസ്ത്രീയ വസ്തുതകളാണെന്ന മട്ടിൽ നാം വ്യവഹരിച്ചുകൂടാ. ചുരുക്കത്തിൽ ഖുർആൻ-ശാസ്ത്ര പഠനങ്ങൾ ഖുർആനിൻെറ അമാനുഷികതയെ മനസ്സിലാക്കുന്നതിൽ മാത്രം ഒതുങ്ങണം. അതല്ലാതെ വിശുദ്ധ വചനങ്ങളെ സ്വന്തം താൽപര്യപ്രകാരം വ്യാഖ്യാനിക്കുന്നതിനോ ശാസ്ത്ര സിദ്ധാന്തങ്ങൾക്കനുസരിച്ച് വളച്ചൊടിക്കുന്നതിനോ വേണ്ടിയുള്ള തട്ടകമായിക്കൂടാ. പ്രതിഫലം പ്രതീക്ഷിച്ച് ചെയ്യുന്ന കാര്യങ്ങൾ ശിക്ഷക്ക് നിമിത്തമാകാതിരിക്കുവാൻ ശ്രദ്ധിക്കണമല്ലോ.